CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പരി. കുർബാനയുടെ

# വാഴ്‌വ്

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Rights reserved

Imprimatur
+ JOSEPH PARECATTIL
ARCHBISHOP OF ERNAKULAM
8-10-1968

Ad experimentum

5 പൈസ

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# പരി. കുർബാനയുടെ

# വാഴ്‌വ്

## (ആഘോഷാവസരങ്ങൾക്ക്)

പുരോഹിതൻ തിരുവസ്ത്രങ്ങളണിഞ്ഞു്, ധൂപക്കുററിക്കാരൻ, മററു ശുശ്രൂഷികൾ എന്നിവരോടുകൂടെ മദ്ബഹായിൽച്ചെന്നു കുനിഞ്ഞു പരിശുദ്ധകുർബാനയ്ക്കു വന്ദനംചെയ്തശേഷം താഴെക്കാണുന്ന പാട്ടു തുടങ്ങുന്നു. സമൂഹം തുടർന്നുപാടുന്നു. തത്സമയം പുരോഹിതൻ പടികളിൽ കയറി അരുളിക്കയിൽ പരി. കുർബാന എഴുന്നള്ളിച്ചുവയ്ക്കുന്നു.

christianmusicologicalsocietyofindia

# ഗാനം

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മിശിഹാ കർത്താവേ,
മാനവരക്ഷകനേ,
നരനു വിമോചനമേകിടുവാൻ
നരനായ് വന്നു പിറന്നവനേ.

മാലാഖമാരൊത്തു ഞങ്ങൾ
പാടിപ്പുകഴ്ത്തുന്നു നിന്നെ
പരിശുദ്ധൻ, പരിശുദ്ധൻ
കർത്താവേ, നീ പരിശുദ്ധൻ

പരിശുദ്ധകുർബാന എഴു
ന്നള്ളിച്ചുവച്ചശേഷം പു
രോഹിതൻ താഴെയിറ
ങ്ങി ധൂപകുറ്റിനിന്നുകൊ
ണ്ടു ധൂപിക്കുന്നു. തത്സമ
യം സമൂഹം താഴെക്കാ
ണുന്ന പാട്ടുപാടുന്നു.

christianmusicologicalsocietyofindia

# ഗാനം

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

അഖിലലോക നായകാ,
വാഴ്ത്തീടുന്നു ഞങ്ങൾ
ഈശോ നാഥാ,
പുകഴ്ത്തീടുന്നു ഞങ്ങൾ.

നീയല്ലോ ശരീരങ്ങൾ-
ക്കുയിർപ്പേകുന്നു:
നീതന്നെയാത്മാവിന്നു
രക്ഷയേകുന്നു.

ഗാനം കഴിയുമ്പോൾ പു
രോഹിതൻ താഴെക്കാ
ണുന്ന കാറോസൂസ ചൊ
ല്ലുന്നു.

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## കാറോസൂസ

**കർമ്മി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കർമ്മി:** ഞങ്ങളുടെ മാതാവായ തിരുസ്സഭയെ സംരക്ഷിക്കണമെന്നും, വിവിധരാജ്യങ്ങളിൽ മർദ്ദനമനുഭവിക്കുന്ന സഹോദരരെ ആശ്വസിപ്പിക്കണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**കമ്മി:** തിരുസ്സഭയുടെ അധിപനായ മാർ... പാപ്പായ്ക്കുവേണ്ടിയും, ഞങ്ങളുടെ പിതാവു മാർ... മെത്രാപ്പോലീത്തായ്ക്കു (മെത്രാനു)വേണ്ടിയും അവരുടെ സഹപ്രവർത്തകർക്കുവേണ്ടിയും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ...

**കമ്മി:** ഞങ്ങളുടെ നാടിനെയും നഗരത്തെയും, ഞങ്ങളുടെ (അതിരൂപതയെയും ഇടവകയെയും (ഈ സ്ഥാപനത്തെയും) ഐശ്വര്യപൂർണ്ണമാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ,...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**കമ്മീ:** വിശുദ്ധരായ വൈദീകരെയും, തീക്ഷ്ണതയുള്ള സന്യാസിനീസന്യാസികളെയും ചൈതന്യം നിറഞ്ഞ അൽമായപ്രേഷിതരെയും തിരുസ്സഭയ്ക്കു പ്രദാനം ചെയ്യണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ...

**കമ്മീ:** രോഗികൾക്കു സുഖവും, ആസന്നമരണർക്കു സമാധാനവും, ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു മോചനവും നല്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ,...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

**കർമ്മി:** കുടുംബങ്ങളിൽ സമാധാനം പുലത്തണമെന്നും, യുവതീയുവാക്കന്മാരെ വിശുദ്ധരായി പരിപാലിക്കണമെന്നും· അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ˚കർത്താവേ..

**കർമ്മി:** ലോകാവസാനംവരെ മനുഷ്യരോടുകൂടെ ജീവിക്കുവാൻ വേണ്ടി പരിശുദ്ധകുർബാന സ്ഥാപിച്ച പരമകാരുണികനായ കർത്താവേ, ഈ ബലിപീഠത്തിൽ എഴുന്നള്ളിയിരിക്കുന്ന അങ്ങയെ ഞങ്ങൾ ആരാധിക്കയും സ്തുതിക്കയും ചെയ്യുന്നു. അങ്ങു ഞങ്ങൾക്കു നൽകീട്ടുള്ള സഹായങ്ങൾക്കും അനുഗ്രഹങ്ങൾ

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ക്കമായി ഞങ്ങൾ അങ്ങയോട്ടു നന്ദി പറയുന്നു. പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുവാനും അവയ്ക്കു പരിഹാരം ചെയ്യുവാനും ഞങ്ങളെ സഹായിക്കണമേ. പരിശുദ്ധകുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോ, കാരുണ്യപൂർവ്വം ഞങ്ങളെ ആശീർവ്വദിക്കണമേ: സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

സമൂ: ആമ്മേൻ

തുടർന്നു മററു പ്രാർത്ഥനകളുണ്ടെങ്കിൽ അവയും ചൊല്ലുന്നു. അവസാനം സമൂഹം താഴെക്കാണുന്ന പാട്ടു പാടുന്നു.

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## ഗാനം

സ്വർഗ്ഗത്തിൽനിന്നാഗതമാം
ജീവൻ നല്കുമൊരപ്പം നീ:
മർത്ത്യനു മുക്തി പകർന്നരുളും
നിത്യമഹോന്നതമപ്പം നീ.

1 മാനവരേ, മോദമൊടേ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ:
ദൈവത്തിൻ പരിപാവനമാം
സന്നിധിചേർന്നു വണങ്ങിടു–
വിൻ.

സ്വർഗ്ഗത്തിൽ...

2 ദിവ്യശരീരം മാനവനായ്
നല്കിയ നാഥനെ വാഴ്ത്തിടുവിൻ:
ദിവ്യനിണത്താൽപ്പാപികളെ
നേടിയ നാഥനെ വാഴ്ത്തിടുവിൻ.

സ്വർഗ്ഗത്തിൽ...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഈ പാട്ടിന്റെ സമയത്തു
പരി. കുർബാനയെ വീ
ണ്ടും ധൂപിക്കുന്നു. ഗാനം
അവസാനിക്കുമ്പോൾ പു
രോഹിതൻ മുട്ടിന്മേൽത്ത
ന്നെ നിന്നുകൊണ്ടു താഴെ
വരുന്ന പാട്ടുപാടുന്നു.

## ഗാനം

പു: പരിശുദ്ധ ശരീരത്താലും
വിലയേറിയ രക്തത്താലും
പാപത്തിൻ കറകളിൽനിന്നും
മർത്ത്യനു നീ മോചനമേകി.

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സ: സകലേശാ ദിവ്യകടാക്ഷം
ളുകണമേ വത്സലസുതരിൽ:
നിർമ്മലരായ് ജീവിച്ചിടുവാൻ
ചിന്തണമേ ദിവ്യവരങ്ങൾ,

പുരോഹിതൻ വേദക്കുപ്പാ
ധരിച്ചശേഷം എഴുന്നേ
റവു മുകളിലേയ്ക്കു കയറി
അരുളിക്ക എടുത്തു കുരി
ശാകൃതിയിൽ ആശീർവ്വാ
ദം നൽകുന്നു. അരുളിക്ക
അൾത്താരയിൽത്തന്നെ
വച്ചിട്ടു താഴെയിറങ്ങി മുട്ടു
കുത്തി സമൂഹത്തോടുകൂടി
താഴെക്കൊടുത്തിരിക്കുന്ന
പാട്ടുപാടുന്നു. പാട്ടു തീരാ
റാകുമ്പോൾ മുകളിൽക്ക
യറി ചന്ദ്രക്കല സക്രാരി
യിൽവച്ചു പൂട്ടി സങ്കീർത്തി
യിലേയ്ക്കു മടങ്ങുന്നു,

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഗാനം

ദൈവത്തെ വാഴ്ത്തിട്ടുവിൻ
ദൈവനാമം വാഴ്ത്തിട്ടുവിൻ:
ദൈവവും മനുജനുമാം
മിശിഹാനാഥനെ വാഴ്ത്തിട്ടുവിൻ.

മിശിഹാ തൻ പൂജിതമാം
തിരുനാമം വാഴ്ത്തിട്ടുവിൻ:
സ്നേഹത്തിന്നാവിടമാം
തിരുഹൃദയം വാഴ്ത്തിട്ടുവിൻ.

പീഠത്തിൽ വാണരുളും
മിശിഹായെ വാഴ്ത്തിട്ടുവിൻ
രക്ഷകനാം മിശിഹാതൻ
ദിവ്യനിണം വാഴ്ത്തിട്ടുവിൻ,

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

വരനിരയാലൊളി വിതറും
ദൈവാത്മാവിനെവാഴ്ത്തിട്ടുവിൻ:
ദൈവത്തിൻ മാതാവാം
കന്യാമേരിയെ വാഴ്ത്തിട്ടുവിൻ.

മറിയത്തിൻ നിർമ്മലമാം
ഉത്ഭവം വാഴ്ത്തിട്ടുവിൻ:
സ്വർഗ്ഗാരോപിതമാതാവിൻ
തിരുനാമം വാഴ്ത്തിട്ടുവിൻ.

നിർമ്മലയാം കന്യകതൻ
വല്ലഭനെ വാഴ്ത്തിട്ടുവിൻ;
സിദ്ധരിലും ദൂതരിലും
ദൈവത്തെ വാഴ്ത്തിട്ടുവിൻ.

അവസാനം അവസരോചിതമായ ഒരു പാട്ടു പാടാവുന്നതാണ്. അങ്ങനെയുള്ള അവസരങ്ങളിൽ ആ പാട്ടു തുടങ്ങുമ്പോഴാണു സക്രാരി പൂട്ടുന്നതു്.

---

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം, കൊച്ചിൻ–11

christianmusicologicalsocietyofindia